# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1572 — 05.02.2019 ലെ മറുപടിക്ക്

**കെട്ടിട നിർമ്മാണത്തിനായി ഓൺലൈൻ അപേക്ഷ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി സംസ്ഥാനത്ത് നിയോഗിക്കപ്പെട്ട സർക്കാർ ഏജൻസികൾ/സ്വകാര്യ ഏജൻസികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി ഏതെങ്കിലും ഒരു പ്രത്യേക ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയറുകൾ വികസിപ്പിക്കാൻ സർക്കാർ-സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സങ്കേതം സോഫ്റ്റ്വെയർ വികസിപ്പിച്ചത് സർക്കാർ ഏജൻസിയായ IKM ആണ്. കോഴിക്കോടും കൊച്ചിയും ഒഴികെയുള്ള നഗരസഭകളിൽ കെട്ടിടനിർമ്മാണ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന IBPMS (Intelligent Building Plan Management System) വികസിപ്പിച്ചത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന ഇ-ടെണ്ടറിംഗിലൂടെ തിരഞ്ഞെടുത്ത സ്വകാര്യ ഏജൻസിയായ M/s Dev Information Pvt. Ltd. ആണ്. കോഴിക്കോട് നഗരസഭയിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സുവേഗ സോഫ്റ്റ്വെയർ വികസിപ്പിച്ചത് ബാംഗ്ലൂർ ആസ്ഥാനമായുള്ള ഇ-ഗവേണൻസ് ഫൗണ്ടേഷനാണ്. കൊച്ചി കോർപ്പറേഷനിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന bpams, സി-മാസ് എന്നീ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചത് യഥാക്രമം M/s Softech Pvt. Ltd., Tata Consultancy Service Pvt. Ltd. എന്നീ സ്ഥാപനങ്ങളാണ്. |
| (ബി) | സർക്കാർ ഏജൻസികൾ നിലവിലുള്ളപ്പോൾ മറ്റു സ്വകാര്യ ഏജൻസികളെ ഉൾപ്പെടുത്താനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സുതാര്യമായ ഇ-ടെണ്ടറിംഗ് നടപടികളിലൂടെയും SeMT (State e-governance Mission Team), |

(തുടർച്ച......2)

| | | | |
|---|---|---|---|
| | | | KSITM എന്നീ സ്ഥാപനങ്ങളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് നഗരസഭകളിൽ ഓൺലൈൻ കെട്ടിട നിർമ്മാനാനുമതി നല്കുന്നതിന് ഉപയോഗിക്കുന്നതിനായി ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് M/s Dev Information Technology Pvt. Ltd. എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | സർക്കാർ വികസിപ്പിച്ച 'സങ്കേതം' സോഫ്റ്റ്‌വെയർ നിലവിലുള്ളപ്പോൾ ആയത് വിപുലീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് പകരം സ്വകാര്യ സോഫ്റ്റ്‌വെയറുകളെ ആശ്രയിക്കുന്നതിനാൽ വീട് പ്ലാനിന് ചെലവേറുന്ന സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സങ്കേതം സോഫ്റ്റ്‌വെയർ ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ അല്ല. കെട്ടിടനിർമ്മാണാനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ചട്ടപ്രകാരമുള്ളതാണോ എന്ന് പരിശോധിക്കാനുള്ള ശേഷി സങ്കേതം സോഫ്റ്റ്‌വെയറിന് ഇല്ല. ഇത് ഇത്തരത്തിൽ വികസിപ്പിക്കുന്നതിന് സാങ്കേതികമായി സാധിക്കുകയില്ല. കൂടാതെ IBPMS ഉപയോഗിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് കെട്ടിടനിർമ്മാണ അപേക്ഷ സമർപ്പിക്കുന്നതിനായി ചെലവേറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**